IV. ശ്രദ്ധക്ഷണിക്കൽ

1. പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻറ്

ശ്രീ. രാജു എബ്രഹാം: സർ, കേരളത്തിലെ എസ്.സി/എസ്.ടി., ഒ.ഇ.സി., ഒ.ബി.സി. വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികളെ വമ്പിച്ച പ്രതിസന്ധിയിലാണ്. ഇവിടെ മാറി മാറി വന്ന ഗവൺമെൻറുകൾ നൽകിയ ഉറപ്പുകൾ പൂർണ്ണമായും ലംഘിക്കപ്പെടുന്ന അവസ്ഥയാണ്. അവരുടെ സ്റ്റൈപ്പൻറ്, സ്വാശ്രയ/എയ്ഡഡ് കോളേജുകളിൽ പഠിക്കുന്ന എസ്.സി./എസ്.ടി. കുട്ടികളുടെ ആനുകൂല്യങ്ങൾ ഇവയെല്ലാം നിഷേധിക്കപ്പെടുന്ന, അല്ലെങ്കിൽ ഭാഗികമായി മാത്രം നൽകപ്പെടുന്ന ഒരു അവസ്ഥയാണ് കേരളത്തിലുള്ളത്. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഏതാണ്ട് പത്ത് ലക്ഷത്തോളം കുട്ടികൾക്ക് ആനുകൂല്യങ്ങൾ നൽകേണ്ടതാണ്. ഇപ്പോഴത്തെ കേരളത്തിൻറെ സ്ഥിതി എന്താണ്? ഏതാണ്ട് 42 കോടി ഉറുപ്പിക ഈ കുട്ടികൾക്ക് കൊടുക്കണം.— എസ്.സി. വിഭാഗത്തിന് 37 കോടി രൂപയും എസ്.ടി. വിഭാഗത്തിന് അഞ്ച് കോടി രൂപയും. പ്രൊഫഷണൽ വിദ്യാർത്ഥികളുടെ വർദ്ധിപ്പിച്ച ആനുകൂല്യങ്ങൾ നൽകിയിട്ടില്ല. അതിൻറെ ഫലമായി കോളേജുകളിൽനിന്നും വിദ്യാർത്ഥികളെ ഊറക്കിവിടുകയാണ്, ഹോസ്റ്റലുകളിൽനിന്നും വിദ്യാർത്ഥികളെ ഇറക്കിവിടുന്നു. മെസ് ഫീസ് നൽകാത്തതിൻറെ പേരിൽ പാവപ്പെട്ട കുട്ടികൾക്ക് ഭക്ഷണം നൽകുന്നില്ല. ട്യൂഷൻ ടീച്ചർക്ക് പ്രതിഫലം നൽകാത്തതിനാൽ പ്രീ മെട്രിക് ഹോസ്റ്റലുകളിലെ സ്ഥിതി അത്യന്തം ഗുരുതരമാണ്. എൻറെ മണ്ഡലത്തിലെ കാർമ്മൽ എഞ്ചിനീയറിംഗ് കോളേജിലെ പ്രശ്നം കേരളത്തിലാകെ ശ്രദ്ധ പിടിച്ചു പറ്റിയ വാർത്തയാണ്. മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ പത്ത് വിദ്യാർത്ഥികൾ— അവർ ഇപ്പോൾ രണ്ടാം വർഷ വിദ്യാർത്ഥികളാണ്—അവരുടെ ആദ്യത്തെ വർഷത്തെ ഫീസ് പോലും കൊടുത്തിട്ടില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനമായി കാണേണ്ട കാര്യം. അവിടെ പ്രശ്നം പരിഹരിച്ചു. ഇന്ന് മൂവാറ്റുപുഴയിൽനിന്നും ഒരു കുട്ടി തിരുവനന്തപുരത്ത് വന്നിരിക്കുന്നു. പന്തളം ബി.എഡ്. കോളേജിൽ പഠിച്ച കുട്ടിയാണ്. ആ കുട്ടിക്ക് ഗസ്റ്റ് ലക്ചററായി ജോലി കിട്ടി. എന്നാൽ ആ കുട്ടിയുടെ റിസൾട്ട് തടഞ്ഞുവച്ചിരിക്കുന്നു. അതുകൊണ്ട് ഗസ്റ്റ് ലക്ചർ സ്ഥാനം നഷ്ടപ്പെട്ടു. എന്താണ് പ്രശ്നം? ഫീസ് അടച്ചിരുന്നില്ല. ഏതാണ്ട് രണ്ടായിരത്തോളം ഉറുപ്പിക ഫീസ് അടച്ചാൽ ആ കുട്ടിയുടെ സർട്ടിഫിക്കറ്റ് കിട്ടും. ആ ഫീസ് അടയ്ക്കാത്തതുകൊണ്ട് ആ കുട്ടിയുടെ ജോലിപോലും നഷ്ടപ്പെടുന്ന അവസ്ഥയാണ് ഇപ്പോൾ ഉണ്ടായിരിക്കുന്നത്. ഒന്നാം ക്ലാസിലെ കുട്ടികൾക്കു മുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന് പ്രതിമാസം 125 കോടി ഉറുപ്പികയാണ് പ്ലാനിൽ ഒരു വർഷം വേണ്ടത്. ബഡ്ജറ്റിൽ പണം നീക്കി വയ്ക്കുന്നില്ല എന്നുള്ളതാണ് കേരളത്തിൽ ഇന്നുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രതിസന്ധിയിൽ ഒന്ന്. രണ്ടാമത് ട്രഷറി നിയന്ത്രണം: ഇടയ്ക്കിടയ്ക്കാണ് ട്രഷറി നിയന്ത്രണത്തിൽ അയവ് വരുന്നത്. ഇവിടെ പണം കിട്ടിയാൽ എന്താണ്. സംഭവിക്കുന്നത്? മുൻ വർഷങ്ങളിലെ കടബാദ്ധ്യത തീർക്കേണ്ടി വരുന്നു. അതാണ് വകുപ്പ് നേരിടേണ്ടി വരുന്ന വളരെ പ്രധാനപ്പെട്ട ഒരു പ്രതിസന്ധി. നോൺ-പ്ലാൻ ഫണ്ടിൽനിന്നാണ് വിദ്യാഭ്യാസ ധനസഹായം നൽകുന്നത്. നഴ്സറി ക്ലാസ് മുതൽ മെഡിക്കൽ കോളേജ് വരെയുള്ള വിഭാഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പെടുന്ന കുട്ടികളുടെ ആനുകൂല്യങ്ങളും പൂർണ്ണമായിട്ടോ ഭാഗികമായിട്ടോ നഷ്ടപ്പെടുന്ന അവസ്ഥയാണ്. പാഠപുസ്തകം, യൂണിഫോം ഇതൊക്കെ വാങ്ങേണ്ടതു ഈ പണത്തിൽനിന്നാണ്. ട്യൂഷൻ ഫീസ് നൽകിയാൽ മാത്രമേ അദ്ധ്യാപകർ പഠിപ്പിക്കുകയുള്ളൂ. വാടക കെട്ടിടങ്ങളാണ് കൂടുതലും. ഓരോ വർഷവും ചിലപ്പോൾ 6 മാസത്തിലൊരിക്കൽപോലും പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ കെട്ടിടം മാറേണ്ട അവസ്ഥയാണ്. കാരണം വാടക കൊടുക്കാത്തതുകൊണ്ട് കെട്ടിട ഉടമകൾ അന്തേവാസികളെ ഹോസ്റ്റലുകളിൽനിന്ന് ഇറക്കി വിടുന്നു. നാടോടികളുടെ അവസ്ഥയാണ് പല സ്ഥലങ്ങളിലും പട്ടികവർഗ്ഗ-ആദിവാസി കുട്ടികൾക്കുള്ളത്. ഒ.ബി.സി./ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ആനുകൂല്യങ്ങൾ മുടങ്ങിക്കിടക്കുന്നു. രണ്ടുമൂന്നു ലക്ഷം കുട്ടികൾ ഈ വിഭാഗത്തിനു തന്നെയുണ്ട്. പഠിക്കാൻ പണമില്ലാതെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട രജനി എസ്. ആനന്ദ് എന്ന കുട്ടിക്ക് കെട്ടിടത്തിന്റെ 7-ാം നിലയിൽനിന്ന് എടുത്തുചാടി ആത്മഹത്യ ചെയ്യേണ്ടിവന്നതു കേരളത്തിലാണ്. അതിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ മാറേണ്ടേ? ഖാലിദ് കമ്മിഷൻ മുമ്പാകെ എസ്.സി./എസ്.ടി. വകുപ്പുതന്നെ നൽകിയിരിക്കുന്ന സ്റ്റേറ്റുമെന്റിൽ ആ വർഷത്തെ വമ്പിച്ച കുടിശ്ശികയടക്കം ഉള്ള കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥി സംഘടനാ നേതാക്കളുമായി നടത്തിയ ചർച്ചയിൽ സ്റ്റൈപ്പന്റും, അതുപോലെയുള്ള ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി നൽകിയ ഉറപ്പ് ഇവിടെ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണം. അതോടൊപ്പംതന്നെ ദളിത് ക്രിസ്ത്യാനികളായിട്ടുള്ള ഒ.ഇ.സി. വിഭാഗത്തിലെ കുട്ടികൾക്ക് സ്റ്റൈപ്പന്റ് മുടങ്ങാതെ കൊടുക്കുന്ന കാര്യം പരിഗണിക്കണം. 10 ലക്ഷത്തോളം കുട്ടികളുടെ ഭാവി പന്താടുന്ന ഒരു അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തരുത്. ഫീസ് കൊടുക്കാതെ അപമാനിക്കപ്പെടുന്ന വിദ്യാർത്ഥികൾ അവരുടെ പഠനം ഉപേക്ഷിക്കേണ്ട സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തുന്നു. സ്കൂൾ യൂണിഫോം പോലും വാങ്ങാൻ പണമില്ലാതെ പീരുമേട്ടിൽ വേളാങ്കണ്ണി എന്ന പെൺകുട്ടിക്ക് ആത്മഹത്യ ചെയ്യേണ്ട സ്ഥിതിവിശേഷമുണ്ടായി. അതുകൊണ്ട് ഈ പ്രശ്നങ്ങൾ പരിഹരിക്കണം. അതോടൊപ്പംതന്നെ അങ്ങ് നൽകിയിട്ടുള്ള ആൻസറിൽ കേരളത്തിൽ പ്രവേശന പരീക്ഷാ കമ്മീഷണറുടെ റാങ്ക് ലിസ്റ്റു പ്രകാരം പ്രവേശനം നൽകുന്ന സ്ഥാപനങ്ങളടക്കം പ്രവേശന പരീക്ഷാ കമ്മീഷണറുടെ പരിധിയിൽ വരാത്ത യൂണിവേഴ്സിറ്റികൾ, യൂണിവേഴ്സിറ്റിയുടേയോ, സർക്കാരിന്റേയോ Essentiality Certificate എന്നിവയുടെ അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്ന സ്ഥാപനങ്ങൾ, നേഴ്സിംഗ് കൗൺസിലിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങൾ C-Dit, കോഴിക്കോട് National Institute of Technology തുടങ്ങിയവയിൽ അഡ്മിഷൻ ലഭിക്കുന്ന ഈ വിഭാഗം കുട്ടികൾക്ക് ആനുകൂല്യങ്ങൾ നൽകണം. ടി.ടി.ഐ.-യേയും ഇതിൽ ഉൾപ്പെടുത്തണം. വളരെ ഗൗരവമായ ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം കേവലം ഉറപ്പുകൾ മാത്രം നൽകാതെ ഇക്കാര്യത്തിൽ സമയബന്ധിതമായി എന്തു നടപടികൾ സ്വീകരിക്കും എന്നാണ് കേരളത്തിലെ ജനങ്ങൾക്ക് അറിയേണ്ടത്. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെ ഗൗരവമായ സമീപനം ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ബഹുമാനപ്പെട്ട ശ്രീ. രാജു എബ്രഹാം ഇവിടെ സൂചിപ്പിച്ച കാര്യം വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് കാണുന്നു. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ്

LIBRARY ARCHIVES Kerala Legislative Assembly

അർഹരായിട്ടുള്ളവർക്ക് ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ ഗവൺമെന്റിൽ നിന്ന് നടപടി ഉണ്ടാകണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ വളരെ വ്യക്തമായി തന്നെ പറയുന്നു ആ കാര്യത്തിനാണ് പട്ടികജാതി/പട്ടിക വർഗ്ഗക്ഷേമ വകുപ്പ് ഏറ്റവും കൂടുതൽ പ്രാധാന്യവും പരിഗണനയും നൽകുന്നത്. സംസ്ഥാനത്തെ എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വർഷങ്ങളായി സ്കൈപ്പന്റ് ലഭിക്കുന്നില്ല എന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചത് ശരിയല്ല. ഇന്ന് സ്കൈപ്പന്റും മറ്റാനുകൂല്യങ്ങളും യഥാസമയത്ത് കൊടുക്കാനുള്ള തീവ്രമായ ശ്രമം ഗവണ്മെന്റിന്റെ ഭാഗത്തുനിന്ന് നടക്കുന്നുണ്ട്. സംസ്ഥാന സർക്കാർ സ്ഥാപനങ്ങളും, സർക്കാർ അംഗീകാരമുള്ള സ്ഥാപനങ്ങളും എന്നിവയിൽ പഠിക്കുന്ന എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗത്തിലെ കുട്ടികൾക്ക് 4 മാസക്കാലത്തെ സ്കൈപ്പന്റ്, ലംപ്സംഗ്രാന്റ് എന്നിവയാണ് ആദ്യം കൊടുക്കുന്നത്. അത് കൊടുക്കാനുള്ള മുഴുവൻ തുകയും അനുവദിച്ചു കഴിഞ്ഞു, എന്നാൽ കഴിഞ്ഞ വർഷം, അദ്ദേഹംതന്നെ സൂചിപ്പിച്ചപോലെ, 2004-05 വർഷം എന്നാണ് രണ്ടരക്കോടി രൂപയോളം ബഡ്ജറ്റിൽ തുകയില്ലാത്തതിന്റെ പേരിൽ എസ്.സി. വിഭാഗത്തിലും ഒ.ഇ.സി. വിഭാഗത്തിലും കുറവുണ്ടായിരുന്നത് പരിഹരിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽത്തന്നെ തുക അനുവദിച്ചുകൊണ്ട് അതു കൊടുക്കാനുള്ള നടപടികളും സ്വീകരിച്ചു. വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിന് ഓരോ വർഷവും നമ്മൾ ബഡ്ജറ്റിൽ തുക അനുവദിക്കുന്നു. പക്ഷേ അനുവദിക്കുന്ന തുക അവസാനമാകുമ്പോഴേക്കും മതിയാകാത്ത സാഹചര്യം വരും. അത്തരം സാഹചര്യം ഉണ്ടാകുന്നത് നമുക്കറിയാം. പുതിയ കോഴ്സുകളും, പുതിയ സ്ഥാപനങ്ങളും എല്ലാം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അവസാനമാകുമ്പോഴേക്കും ഉദ്ദേശിച്ച കണക്കിൽ കൂടുതൽ വേണ്ടിവരുന്ന ഒരു സാഹചര്യം ഉണ്ടാകുന്നുണ്ട്. ചില സന്ദർഭങ്ങളിൽ ഇങ്ങനെ സാഹചര്യങ്ങളും ഉണ്ടാകുന്നത് സ്വാഭാവികമാണ്. പക്ഷേ എത്രയും പെട്ടെന്ന് അത് കൊടുത്തുതീർക്കാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. ഈ വർഷം ലംപ്സം ഗ്രാന്റും സ്കൈപ്പന്റും കിട്ടാത്ത കേസുകൾ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചുകഴിഞ്ഞാൽ എന്തുകൊണ്ട് അത് കൊടുത്തില്ലാ എന്നതിനെക്കുറിച്ചും അങ്ങനെ ലഭിക്കാത്ത സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അത് എന്തുകൊണ്ട് ലഭിച്ചില്ല എന്നതിനെക്കുറിച്ചും ഗൗരവത്തോടുകൂടിത്തന്നെ അന്വേഷിക്കും. സ്വാശ്രയ കോളേജുകളിൽ കഴിഞ്ഞ വർഷം ഫീസ് കൊടുത്തിട്ടില്ല എന്ന ഒരു യാഥാർത്ഥ്യമുണ്ട്. കാർമൽ കോളേജിൽ 10 കുട്ടികളെ ഇറക്കിവിട്ട സാഹചര്യം അദ്ദേഹം ഇവിടെ സൂചിപ്പിച്ചത് വളരെ ശരിയാണ്. ഞാൻ നേരിട്ട് ഇടപെട്ടാണ് ആ കുട്ടികളെ തിരിച്ചെടുത്തത്. സ്വാശ്രയ കോളേജിൽ എത്ര ഫീസ് നിരക്ക് കൊടുക്കണം എന്നുള്ള തീരുമാനമാകാത്തതായിരുന്നു അതിനു കാരണം. പക്ഷേ ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി അത് കണ്ടുകൊണ്ട് സ്വാശ്രയ കോളേജുകളിൽ മെറിറ്റിലും, റിസർവേഷനിലും സീറ്റ് ലഭിക്കുന്ന കുട്ടികൾക്ക് കെ. ടി. തോമസ് കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഫീസ് പോലും കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചത് ഈ കാര്യങ്ങൾ ഗൗരവത്തോടെ കണ്ടുകൊണ്ടാണ്. എന്നാണ് ആറര കോടി രൂപയുടെ അധികബാദ്ധ്യത വരുന്ന പ്രശ്നമായിട്ടുപോലും സ്വാശ്രയ കോളേജുകളിൽ കെ. ടി. തോമസ് കമ്മീഷൻ റിപ്പോർട്ടു പ്രകാരമുള്ള ഫീസ് കൊടുക്കാൻ തീരുമാനിച്ചത്. ഒരു കുട്ടിക്കും വിദ്യാഭ്യാസത്തിന് തടസ്സമുണ്ടാകരുത് എന്നുള്ള നിലപാട് കൊണ്ടാണ്. അതിന് പരമാവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. എങ്കിലും ഞാനിത് പൂർണ്ണമായി എല്ലായിടത്തും എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

സമയത്തും ചെയ്യുന്നു എന്ന് അവകാശപ്പെടുന്നില്ല. ട്രഷറി നിയന്ത്രണങ്ങളും പോലെ പല കാരണങ്ങൾകൊണ്ടും തുക ലഭിക്കാത്ത സാഹചര്യം ഉണ്ടായിരുന്നു. പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് അർഹവിഭാഗം കുട്ടികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങളും ട്രഷറി നിയന്ത്രണംകൊണ്ട് മുടങ്ങരുത് എന്നുള്ളതുകൊണ്ടാണ് അവയെ നിയന്ത്രണത്തിൽനിന്ന് ഒഴിവാക്കാനുള്ള തീരുമാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ ഒരു യോഗം എടുത്തത്. അതിന്റെയടിസ്ഥാനത്തിൽ വരുംമാസങ്ങളിൽ കൃത്യമായി തന്നെ പൈസ കൊടുക്കാൻ കഴിയും എന്നു കരുതുകയാണ്. എന്തായാലും ശ്രീ. രാജു എബ്രഹാം ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾപോലെ എന്തെങ്കിലും വേറെപ്പെട്ട കേസുകൾ ഉണ്ടെങ്കിൽ അദ്ദേഹം ഒരു ബി.എഡ്. കോളേജിലെ കുട്ടിക്ക് ഫീസ് കൊടുക്കാത്തതിന്റെ പേരിൽ സർട്ടിഫിക്കറ്റ് ലഭിച്ചില്ല എന്ന് സൂചിപ്പിച്ചു. എന്തുകൊണ്ട് അങ്ങനെ സംഭവിച്ചു എന്ന് അന്വേഷിക്കും. എന്തായാലും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് അർഹ വിഭാഗത്തിലെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഏറ്റവും കൂടുതൽ പരിഗണന നൽകും എന്നുകൂടി ഞാൻ അറിയിക്കുകയാണ്.

ശ്രീ. രാജു എബ്രഹാം: സർ, ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനെ പറ്റി അങ്ങ് പരാമർശിക്കാത്തത് ഖേദകരമായിപ്പോയി. എന്റെ ചോദ്യം ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതടക്കം ഇവിടെ ശമ്പളം കൊടുക്കുന്ന ദിവസം തന്നെ പെൻഷനും നൽകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പ്രഖ്യാപിക്കുകയുണ്ടായി. അതുപോലെതന്നെ ശമ്പളം കൊടുക്കുന്ന 1-ാം തീയതി തന്നെ ഈ സ്റ്റൈപൻഡ് അടക്കമുള്ള ആനുകൂല്യങ്ങളും ഈ എസ്.ടി./എസ്.സി./പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് നൽകാനുള്ള ഒരു തീരുമാനം അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. എ. പി. അനിൽകുമാർ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ കാലതാമസം വരുന്നതിന്റെ പ്രധാന കാരണം ട്രഷറി നിയന്ത്രണമായിരുന്നു. സ്വാഭാവികമായും കുട്ടികൾക്ക് പണം ലഭിക്കാൻ കാലതാമസമുണ്ടായിരുന്നു. ട്രഷറി നിയന്ത്രണം ഒഴിവാക്കിയ സാഹചര്യത്തിൽ എത്രയും പെട്ടെന്ന് തന്നെ കൊടുക്കാൻ സാധിക്കും. ഇതിനകത്ത് കുറെ സാങ്കേതിക പ്രശ്നങ്ങളുണ്ട്. സ്ഥാപനങ്ങൾ വേണ്ട സമയത്ത് കുട്ടികളെക്കുറിച്ച് കണക്ക് ജില്ലാ തലത്തിൽ അറിയിക്കണം. അതനുസരിച്ചാണ് നമ്മൾ പണം പാസ്സാക്കി കൊടുക്കുന്നത്. എന്തായാലും ഇതിന് ട്രഷറി നിയന്ത്രണം ഒഴിവാക്കിയ സാഹചര്യത്തിൽ അതതു സ്ഥാപനങ്ങൾ എപ്പോൾ സമർപ്പിച്ചുകഴിഞ്ഞാലും അതിനെ അടിസ്ഥാനമാക്കി വളരെ പെട്ടെന്ന് തന്നെ പണം കൊടുക്കാനുള്ള കാര്യങ്ങൾ ചെയ്യും. അതോടൊപ്പം തന്നെ അദ്ദേഹം ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യം കുട്ടികൾക്കുള്ള ആനുകൂല്യങ്ങളുടെ വർദ്ധനവ് സംബന്ധിച്ചാണ്. വ്യത്യസ്ത തലത്തിലുള്ള വ്യത്യസ്ത ആനുകൂല്യങ്ങളാണ് ഇവർക്ക് കൊടുത്തുകൊണ്ടിരിക്കുന്നത്. അതിൽ ഏതാണ്ട് നാലോളം മേഖലകളിൽ തന്നെ കാര്യമായ വർദ്ധനവ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്. സ്റ്റൈപൻഡ്, ലംപ്സംഗ്രാന്റ് തുടങ്ങിയ കാര്യങ്ങളിൽ കൂടി വർദ്ധനവ് വരുത്തുന്ന കാര്യം വളരെ ഗൗരവമായി തന്നെ എടുത്തുകൊണ്ട് അത് നടപ്പാക്കുന്നതിനുള്ള നടപടികളുണ്ടാകും.

(2) സാശ്രയമേഖലയിൽ നിലവിലുള്ള തലവരി സമ്പ്രദായം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, കേരളത്തിലെ ഇന്നത്തെ ഏറ്റവും വലിയ സാമൂഹ്യപ്രശ്നമാണ് സാശ്രയകോളജുകളിൽ നിലവിലിരിക്കുന്ന തലവരി

LIBRARY ARCHIVES Kerala Legislative Assembly